**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4437

21.03.2018 ൽ മറുപടിയ്ക്ക്

## തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടറുടെ മോശമായ പെരുമാറ്റം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടറുടെ മോശമായ പെരുമാറ്റത്തിൽ നടപടി ആവശ്യപ്പെട്ട് തിരൂരങ്ങാടി പ്രസ് ക്ലബ് മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർക്ക് പരാതി നൽകിയിരുന്നോ; എങ്കിൽ എന്ന്; അറിയിക്കാമോ; | (എ) തിരൂരങ്ങാടി പ്രസ് ക്ലബ് നൽകിയ പരാതി 01.03.2018 – ൽ മുഖ്യമന്ത്രിയ്ക്കും 29.01.2018 – ൽ ചീഫ് സെക്രട്ടറിക്കും ലഭ്യമായിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദ വിവരം നൽകാമോ? | (ബി) പ്രസ്തുത പരാതികളിന്മേൽ മലപ്പുറം ഡി.വൈ.എസ്.പി- അന്വേഷണം നടത്തിയിട്ടുണ്ട്. ടി അന്വേഷണത്തിൽ, പ്രായപൂർത്തിയാകാത്ത കുട്ടിയെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കിയ സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്ത ശേഷം മെഡിക്കൽ പരിശോധനയ്ക്കായി കൊണ്ടുപോകുന്ന സമയം, തിരൂരങ്ങാടി താലൂക്ക് ആശുപത്രി പരിസരത്ത് വച്ച് പ്രതികളുടെ വീഡിയോ അനുവാദമില്ലാതെ ചിത്രീകരിക്കുന്നതിനെക്കുറിച്ച് ചോദിച്ച പോലീസുദ്യോഗസ്ഥനോട് സഭ്യമല്ലാത്തരീതിയിൽ മാധ്യമപ്രവർത്തകർ പെരുമാറിയതിനാൽ ഇരുകൂട്ടരും തമ്മിൽ തർക്കം നടന്നിട്ടുള്ളതാണ്. പ്രശ്നപരിഹാരത്തിന് ഇടപെട്ട തിരൂരങ്ങാടി പോലീസ് ഇൻസ്പെക്ടറുടെ നടപടിയിൽ അപാകതയുള്ളതായോ മാധ്യമപ്രവർത്തകരോട് സഭ്യമല്ലാത്തരീതിയിൽ പെരുമാറിയതായായോ അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. എന്നിരുന്നാലും, പരാതിയുടെ പശ്ചാത്തലത്തിൽ പോലീസും മാധ്യമങ്ങളും തമ്മിലുള്ള ആരോഗ്യകരവും സൗഹൃദപരവുമായ ബന്ധം നിലനിർത്തുന്നതിനും, കേസുകളുമായി ബന്ധപ്പെട്ട രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതോടൊപ്പം വാർത്താമാധ്യമ പ്രവർത്തകരുടെ നിയമപരമായ സ്വാതന്ത്ര്യവും അവകാശവും അകാരണമായി ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

Remm

സെക്ഷൻ ഓഫീസർ